തിരുവാമ്പാടി—തമ്പലമണ്ണ—ഇരുമ്പകം വൈദ്യുതി ലൈനിന്റെ നിർമ്മാണം

168. [450] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവാമ്പാടി-തമ്പലമണ്ണ-ഇരുമ്പകം വൈദ്യുതി ലൈനിന്റെ നിർമ്മാണം ആരംഭിച്ചോ ;

(ബി) പ്രസ്തുത ലൈൻ ഇരുമ്പകത്തുനിന്ന് കാളിയാംപുഴവരെ നീട്ടണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) കാളിയാംപുഴവരെ നീട്ടുന്നതിനും നിർമ്മാണ ജോലി ഒന്നായിത്തന്നെ തീർക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കാവുന്നതാണ്.

ഭൂദാൻ ഹരിജൻ കോളനിയുടെ വൈദ്യുതീകരണം

169. [451] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിൽ പയ്യാവൂർ പഞ്ചായത്തിൽപ്പെട്ട വാതിൽമട ഭൂദാൻ ഹരിജൻ കോളനി വൈദ്യുതീകരിക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

ഈ പദ്ധതി പ്രത്യേകമുൻഗണന നൽകി ചെയ്തു തീർക്കുന്ന കാര്യം കണ്ണൂർ ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയിലാണ്. അംഗീകാരം ബോർഡിന് നൽകിയാൽ കുറച്ചു മാസത്തിനകം പൂർത്തിയാക്കാൻ കഴിയും.

അരുവിക്കര—കോടന്നൂർ പ്രദേശത്തിലെ വൈദ്യുതീകരണം

170. [452] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് വൈദ്യുത ഡിവിഷനിൽപ്പെട്ട (കാട്ടാക്കട സബ് ഡിവിഷൻ) മാരനല്ലൂർ പഞ്ചായത്തിലെ അരുവിക്കര-കോടന്നൂർ പ്രദേശത്തിലെ വൈദ്യുതീകരണം സംബന്ധിച്ച പണികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പണി ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണോ ;

(സി) എങ്കിൽ എന്താണ് കാരണം ;

(ഡി) പ്രസ്തുത പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും ;

(ഇ) കഴിയുന്നതും വേഗം പണി പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly